(14) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ ഒരു പ്രധാനപ്പെട്ട സ്ഥാപനമായി ഇതിനകം വളർന്നുവന്നതാണ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്റർ. അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടത്തുന്നതിന് വേണ്ട നടപടികൾ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന്റെ ഇപ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, അത് ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെയൊക്കെ ആവശ്യമായിട്ടുള്ള പ്രിന്റിംഗുകൾ നടത്തുന്നുണ്ട്. അത്തരം പ്രിന്റിംഗിലൂടെയാണ്, അതിന്റെ വരുമാനമാണ് പ്രധാനമായിട്ടും ആ സ്ഥാപനത്തിന് ലഭിക്കുന്നത്. ലക്ഷക്കണക്കിന് രൂപ പ്രിന്റിംഗ് ഇനത്തിൽ ആ സ്ഥാപനത്തിന് കുടിശ്ശികയായി ലഭിക്കാനുണ്ട്. ആ സംഖ്യ ലഭിക്കാത്തതുകൊണ്ട് സാമ്പത്തികമായി വലിയ പ്രതിസന്ധിയാണ് നേരിടുന്നത് ഇതിനകം ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യം അവടെയുണ്ട്. ഞാൻ മനസ്സിലാക്കുന്നത് നവംബർമാസത്തെ ശമ്പളം ഇതിനകം കൊടുക്കാത്ത സെന്ററുകൾ ഉണ്ടെന്നാണ്. ആലപ്പുഴ, എറണാകുളം തുടങ്ങിയ എട്ടു പത്ത് സെന്ററുകളിൽ ശമ്പളം ഇതുവരെ കൊടുത്തിട്ടില്ല. കഴിഞ്ഞ കുറേക്കാലമായിട്ട് ശമ്പളം യഥാസമയം കൊടുക്കാൻ കഴിയുന്നില്ല. കൃത്യമായി ശമ്പളം കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകണം. ജീവനക്കാർ നിരന്തരമായി, സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. ക്ഷാമബത്ത, ഇടക്കാലാശ്വാസം, പേറിവിഷൻ, സ്റ്റാഫ് പാറ്റേൺ തുടങ്ങിയ കാര്യങ്ങൾ അവിടെ ഇല്ല. സ്റ്റാഫ് പാറ്റേൺ എത്രയും പെട്ടെന്ന് ഉണ്ടാക്കി നിയമനം നടത്തണമെന്നാണ് ജീവനക്കാരുടെ സംഘടന ആവശ്യപ്പെടുന്നത്. അതുപോലെ സ്ഥലംമാറ്റത്തിന് മാനദണ്ഡം ഉണ്ടാക്കണം. റിട്ടയർ ചെയ്തവർ ആ സ്ഥാപനത്തിൽ ഉണ്ട്. റിട്ടയർ ചെയ്തവർക്കുപകരം യഥാർത്ഥത്തിൽ ഉള്ളവരെ നിയമിക്കണം എന്നാണ് സംഘടന ആവശ്യപ്പെടുന്നത്. പ്രൊമോഷൻ വ്യവസ്ഥകൾ അവിടെ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. സർവീസ് റൂൾസ് യഥാർത്ഥത്തിൽ പരിശോധിച്ച് ഉണ്ടാക്കണം എന്നാണ് സംഘടന ആവശ്യപ്പെടുന്നത്. സ്ഥാപനം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്, ആ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സഹായകരമായി സർക്കാരിന്റെ ഭൂമി കണ്ടുപിടിച്ച് അവിടെ കെട്ടിടം ഉണ്ടാക്കി ആ സ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ഉന്നയിക്കുന്നതിന്റെ പേരിൽ ജീവനക്കാർക്കെതിരായിട്ടുള്ള നടപടികൾ ഉണ്ടാകുന്നുണ്ട്. നേരത്തെ ജൂലൈ 5-ാം തീയതി ഈ സ്ഥാപനം നന്നാക്കണമെന്നാവശ്യപ്പെട്ട് സംഘടന നിവേദനം കൊടുത്തിട്ടുണ്ട്. സംഘടന തന്നെ അവിടത്തെ പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് എന്താണ് അവിടത്തെ പരിഹാരം എന്ന് നിർദ്ദേശിക്കുന്നതരത്തിലുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചവിട്ടുണ്ട്. അത് ആവശ്യപ്പെട്ടതിന്റെ പേരിൽ ജീവനക്കാർക്കെതിരായിട്ട് നടപടികൾ എടുക്കുക, അവരെ സ്ഥലംമാറ്റുക തുടങ്ങിയ നടപടികൾ ഉണ്ടായിട്ടുണ്ട്. ആ പ്രതികാര നടപടികൾ അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നാളെ 21-ാം തീയതി നിയമസഭയിലേക്ക് മാർച്ച് നടത്തുന്നുണ്ട്. നിയമനത്തിന് പുതുതായിട്ട് ഒരു മാനദണ്ഡം ഉണ്ടാകണം. ഈ വിഷയങ്ങൾ ബഹു.മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ. ഈ സ്ഥാപനം നന്നായി നടത്തണമെന്നാണ് സംഘടന ആവശ്യപ്പെടുന്നത്. അതിനുവേണ്ടി ബഹു.മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് ആ സ്ഥാപനം നല്ല രീതിയിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ സ്ഥാപനം ഇവിടെപറഞ്ഞതുപോലെ ഒരേ സമയം വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

കൾക്ക് പരിശീലനം കൊടുക്കുന്ന ഒരു സ്ഥാപനമാണ്. അതുപോലെ പുതിയ പുതിയ കോഴ്സുകളിൽ വർക്കുകൾ ഏറ്റെടുത്തുകൊണ്ട് വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാപനവുമാണ്. 1999-2000-ൽ 797 ലക്ഷം രൂപ വരുമാനമുണ്ടായി, 2000-2001-ൽ 950 ലക്ഷം രൂപ വരുമാനം പ്രതീക്ഷിക്കുന്നു. അത്തരത്തിൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണ്. ഇപ്പോൾ പ്രതിസന്ധിക്കുള്ള പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് ഗവൺമെന്റിന്റെ വർക്കുകൾ ചെയ്തുകൊടുക്കുമ്പോൾ അതിന് കിട്ടാനുള്ള വരുമാനം സമയത്ത് കിട്ടുന്നില്ല, അത് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് വരുന്നതാണ്. അതുകൊണ്ടാണ് ശമ്പളം കൊടുക്കാൻ നമുക്ക് കുറച്ച് ബുദ്ധിമുട്ട് ഉണ്ടാകുന്നത്. എങ്കിലും ഓരോ യൂണിറ്റിലും അത് നിലനിൽക്കുന്നതിനാവശ്യമായ വർക്കുകൾ കണ്ടെത്തണമെന്നുള്ള കർശനമായ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ജീവനക്കാർതന്നെ ഓർഡറുകൾ തേടി അവിടെ വർക്കുകൾ നടത്തുക, ട്രെയിനിംഗ് ഫലപ്രദമാക്കുക അത്തരത്തിൽ സാമ്പത്തികനില മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജീവനക്കാരുടെ പ്രശ്നങ്ങളെപ്പറ്റി ബഹു.ശ്രീ. സത്യൻമൊകേരി പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(15) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എന്റെ മണ്ഡലമായ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ മണനാക്ക്-മീനാങ്കടവ് റോഡ്, കായിക്കര-വർക്കല റോഡ്, അഴൂർ-കോഴിമട റോഡ്, മുടപുരം-മുട്ടപ്പനം റോഡ്, പട്ടം താണുപിള്ള റോഡ് ഇതെല്ലാം പി.ഡബ്ല്യൂ.ഡി.റോഡുകളാണ്. ഈ റോഡുകളിൽ വാഹനങ്ങൾക്ക് സഞ്ചരിക്കാൻ നിർവ്വാഹമില്ലെന്നു മാത്രമല്ല ആളുകൾക്ക് സഞ്ചരിക്കാൻപോലും നിർവ്വാഹമില്ലാത്ത നിലയിലാണ് കിടക്കുന്നത്. രണ്ടു വർഷത്തിനുമുൻപ് കടയ്ക്കാവൂർ റോഡിൽ മീനാങ്കടവ്-മണനാക്ക് റോഡിൽ കുറേ ചല്ലി ഇറക്കിയിട്ടിട്ടുണ്ട്. അതിന് ടാർ കിട്ടുന്നില്ല എന്നുപറഞ്ഞ് അത് പണിചെയ്യാതിരിക്കുകയാണ്. ചല്ലി നാട്ടുകാർ വാരികൊണ്ടുപോകുന്ന ഒരു സ്ഥിതിയാണുള്ളത്. ഈ പണി തീർക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അടിയന്തിരമായി അതിന്റെ പാച്ച്വർക്ക് എങ്കിലും ചെയ്യാൻ ബഹു.മന്ത്രി നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണനാക്ക്- മീനാങ്കടവ് റോഡ്, കായിക്കര-വർക്കല റോഡ്, അഴൂർ-കോഴിമട റോഡ്, മുടപുരം-മുട്ടപ്പനം റോഡ്, പട്ടം താണുപിള്ള റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണമെന്ന ബഹു.മെമ്പറുടെ ആവശ്യം ഗവൺമെന്റ് പ്രത്യേകം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. മണ്ഡലത്തിലെ മരാമത്ത് വകുപ്പിന്റെ കീഴിലുള്ള മണനാക്ക്-മീനാങ്കടവ് റോഡിലെ റീ-ടാറിംഗ് പണി ഈ മാസം അവസാനത്തോടെ ചെയ്തുതീർക്കാൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. കായിക്കര-വർക്കല റോഡ്, അഴൂർ-കോഴിമട റോഡ്, പട്ടം താണുപിള്ള റോഡ് എന്നിവയുടെ അത്യാവശ്യം അറ്റകുറ്റപ്പണികളും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. മുടപുരം-മുട്ടപ്പനം റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly